7

# മില്ലേനിയം, ആയിരാ-മാണ്ട് വാഴ്ച്ച

യേശു സ്വർഗാരോഹണം ചെയ്തതു തീർച്ചയുള്ളതുപോലെ അവന്റെ വീണ്ടും വരവും തീർച്ചയുള്ളതാണ് (യോഹന്നാൻ 14:3; പ്രവൃത്തികൾ 1:11). അവൻ മടങ്ങിവന്നതിനുശേഷം എന്തു സംഭവിക്കും? അപ്പോൾ ഒരു മില്ലെനിയം, ആയിരം വർഷം യേശുവിന്റെ ഭരണം ഉണ്ടാകുമോ? ആ വാഴ്ച്ച, അക്ഷരികമായ ആയിരം വർഷമാണോ, അതോ ആലങ്കാരികമായി ഒരു കാലയളവ് സൂചിപ്പിക്കുന്നതാണോ? അവൻ യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ അക്ഷരികമായി പിടിച്ചടക്കുന്ന രാജാവായിരിക്കുമോ ക്രിസ്തു? യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞതുകൊണ്ട് ക്രിസ്തു രാജ്യത്തിനു പകരം സഭ സ്ഥാപിക്കുകയായിരുന്നോ?

മില്ലെനിയം, അഥവാ ആയിരാ-മാണ്ട് വാഴ്ച്ചയെ കുറിച്ച് ഏറ്റവും അധികം ചർച്ച ചെയ്തിട്ടുള്ള വേദഭാഗമായിരിക്കണം, വെളിപ്പാട് 20:1-10:

> അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗത്തിൽനിന്ന് ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാ സർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്ക് ചങ്ങലയിട്ടു. ആയിരമാണ്ട് കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു ... അടെച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു; അതിന്റെ ശേഷം, അല്പകാലത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.
>
> ഞാൻ ന്യായാസനങ്ങളെ കണ്ടു, അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചിരുന്നു ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ട് കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് വാഴും.
>
> ആയിരമാണ്ട് കഴിയുമ്പോഴോ, സാത്താനെ തടവിൽനിന്ന് അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപ്പുറത്തെ മണൽ പോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന്നു വശീകരിപ്പാൻ പുറപ്പെടും; ...
>
> ... അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാച

കനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെ ന്നേക്കും രാപ്പകൽ ദണ്ഡനം അനുഭവിക്കേണ്ടിവരും.

തീർച്ചയായും, ഈ വേദഭാഗത്ത് ആയിര-മാണ്ട് വാഴ്ച്ചയെ കുറിച്ചു പറഞ്ഞിട്ടുണ്ട്, പക്ഷെ എന്താണ് ആയിര-മാണ്ട് വാഴ്ച്ച? എപ്പോൾ, എവിടെയാണ് അത് സംഭവിക്കുക? ഈ ആയിരം ആണ്ട് ആരാണ് വാഴുന്നത്? ഈ ആയിര-മാണ്ട് എന്നു പറയുന്നത് അക്ഷരികമോ അതോ ആലങ്കാരികമോ?

ആയിര-മാണ്ട് വാഴ്ച്ചയെക്കുറിച്ചുള്ള മുഖ്യമായ മൂന്നു വീക്ഷണങ്ങളിൽ ഓരോന്നിലും അസംഖ്യം വൈവിധ്യങ്ങൾ കാണുന്നുണ്ട്. ആയിരം ആണ്ട് വാഴ്ച്ചയോടുള്ള അവയുടെ കാലനിർണ്ണയമനുസരിച്ച് അവയെ തരംതിരിക്കാവുന്നതാണ്: (1) പോസ്റ്റ് മില്ലെനിയിസം (മുഖവുര "പോസ്റ്റ്" അർത്ഥം "ശേഷം" എന്നാണ്), (2) എമില്ലെനിയിസം (ആമുഖം "ഏ" അർത്ഥം "അല്ല"), (3) പ്രീമില്ലെനിയിസം (ആമുഖം "പ്രീ" അർത്ഥം "മുമ്പ്").

ക്രിസ്തീയ കാലത്തിന്റെ ആലങ്കാരിക ഉപയോഗമാണ്, ആയിരമാണ്ട് എന്നതാണ് *പ്രീമില്ലെനിയലിസം* കാഴ്ച്ചപ്പാട്, അതിലെ യേശുവിന്റെ വാഴ്ച്ച അവന്റെ മടങ്ങിവരവും, മരിച്ചവരുടെ ഉയർപ്പും, ന്യായവിധിയും വരെ ഇപ്പോഴത്തെ യാഥാർത്ഥ്യമാണ്. ചിലർ ഇതിനോട് വിയോജിച്ചേക്കാം, അവർ വിചാരിക്കുന്നത് ആയിരമാണ്ട് എന്നു പറയുന്നതു ക്രിസ്തീയ കാലഘട്ടത്തിന്റെ അവസാനകാലത്ത് സമാധാനം/നീതി പുലരുന്ന ആലങ്കാരികമായ ദീർഘകാലത്തെ ആണ് അതു സൂചിപ്പിക്കുന്നത്, ആ കാലത്തിനുശേഷം കാർത്താവ് മടങ്ങി വരും.

*എമില്ലെനിയം* "ആയിരമാണ്ട്" അക്ഷരികമല്ലെന്നും, ആയിരമാണ്ട്-വാഴ്ച്ച ആലങ്കാരികമായി പൂർണ്ണമായ കാലയളവാണെന്നുമാണ് കാണുന്നത്. പോസ്റ്റ് മില്ലെനിയലിസ്റ്റുകളെപോലെ, ഇവരും വിശ്വസിക്കുന്നത്, യേശുവിന്റെ വരവിൽ ഉയർത്തെഴുന്നേല്പും അന്ത്യവിധിയും ആണെന്നാണ്.

ന്യായവിധിക്കും മരിച്ചവരുടെ ഉയർത്തെഴുന്നേൽപിനും മുൻപ് യേശു മടങ്ങിവന്ന് യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ആയിരമാണ്ട് വാഴുമെന്നാണ് *പ്രീമില്ലെനിയസിത്തിന്റെ* കാഴ്ച്ചപ്പാട്. ഇതിനോട് ചേർത്ത് ക്രിസ്തുവിന്റെ വരവിൽ സംഭവിക്കുന്ന കാര്യങ്ങളെ ഭാഗിച്ചിരിക്കുന്നു. അവരെല്ലാം വിശ്വസിക്കുന്നത് രണ്ട് ഉയർത്തെഴുന്നേൽപ് സംഭവിക്കും എന്നാണ്: "ആയിരമാണ്ടിനു" മുമ്പ് മരിച്ച നീതിമാന്മാർ ഉയർത്തെഴുന്നേൽക്കും, പിന്നെ മരിച്ച ദുഷ്ടന്മാർ "ആയിരമാണ്ടിനു ശേഷം" ഉയർത്തെഴുന്നേൽക്കും. ഈ കൂട്ടത്തിൽ പെട്ട ഡിസ്പെൻസേഷണലിസ്റ്റ് വിശ്വസിക്കുന്നത്, പ്രവചനങ്ങളെല്ലാം അക്ഷരിക യിസ്രായേലിനെ കുറിച്ചാണ്, അതു സഭയല്ല, ദൈവത്തിന്റെ യിസ്രായേലായി അവരെ അവർ കണക്കാക്കുന്നുമില്ല. ഹിസ്റ്റോറിക്ക് പ്രീമില്ലെനിയലിസ്റ്റ് എന്ന അവരിലെ ഒരു കൂട്ടർ സഭ, ദൈവത്തിന്റെ യിസ്രായേലായി പരിഗണിക്കുന്നുണ്ട്.

## വെളിപ്പാട് 20:1-10
## എന്തു പഠിപ്പിക്കുന്നില്ല

വെളിപ്പാട് 20:1-10 ശ്രദ്ധിച്ചു വായിച്ചാൽ, പ്രീമില്ലെനിയം കാഴ്ച്ചപ്പാടിന്റെ അടിസ്ഥാന സിദ്ധാന്തം അതിലില്ല എന്നു കാണാം:

(1) യേശു ഭൂമിയിലേക്ക് മടങ്ങിവരുമെന്ന് അവിടെ പറയുന്നില്ല. അവന്റെ

മടങ്ങിവരവിനെ കുറിച്ച് അവിടെ പറയുന്നില്ല.

(2) യേശു *ഭൂമിയിൽ* വാഴുമെന്ന് അവിടെ പറയുന്നില്ല. വാഴുന്ന സ്ഥലം അവിടെ പറയുന്നില്ല.

(3) യേശു ആയിരമാണ്ട് വാഴുമെന്ന് പറയുന്നില്ല. വിശുദ്ധന്മാരുടെ വാഴ്ച്ചയുടെ ദൈർഘ്യമാണ് അവിടെ പറയുന്നത്.

(4) അതിൽ രക്തസാക്ഷിത്വം വരിച്ച വിശുദ്ധന്മാരുടെ വാഴ്ച്ച *ഭൗമിക* മാണെന്ന് പറയുന്നില്ല. സ്ഥലം പറഞ്ഞിട്ടില്ല.

(5) യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് അവിടെ *ഒന്നും* പറയുന്നില്ല. അതു പ്രീമെല്ലെനിയംകാരുടെ ഊഹമാണ്.

(6) യേശുവിന്റെ മടങ്ങി വരവിനുശേഷമാണ് ആയിരമാണ്ട് വാഴ്ച്ച എന്ന് അവിടെ പറയുന്നില്ല. അതു അവർ ഊഹിച്ചതാണ്.

(7) യേശു *യെരുശലേമിൽ* വാഴുമെന്ന് അവിടെ പറയുന്നില്ല. യെരുശലേം എന്ന് പറഞ്ഞിട്ടേയില്ല.

(8) യേശു *ദാവീദിന്റെ സിംഹാസനത്തിൽ* ഇരുന്നു വാഴും എന്ന് അവിടെ പറയുന്നില്ല. ദാവീദിന്റെ സിംഹാസനത്തെ കുറിച്ച് അവിടെ പറയുന്നില്ല.

(9) *യേശുവിന്റെ സിംഹാസനത്തെ* കുറിച്ച് അവിടെ ഒന്നും പറയുന്നില്ല. യേശുവിന്റേതല്ല, മറിച്ച് രക്തസാക്ഷികളുടേതാണ് അവിടെ പറയുന്നത്. വിശുദ്ധന്മാരെ പിന്നീട് ഇടിച്ചു താഴ്ത്തുവാൻ സാധ്യമല്ല എന്നു കാണിക്കുന്നതാണ് സിംഹാസനങ്ങൾ. അവർ ജനങ്ങൾക്കിടയിലെ അദ്ധ്യക്ഷന്മാരാണെന്നും, ബഹുമാനിക്കപ്പെടേണ്ടവരാണെന്നും, ക്രിസ്തുവിന്റെ ദാസന്മാരാണെന്നും അറിയപ്പെടേണ്ടതിനായിരുന്നു. ഈ ആത്മിയമായ അർത്ഥത്തിൽ അവർ അവനോടുകൂടി ആയിര-മാണ്ട് വാഴേണ്ടതാകുന്നു; അവർ അക്ഷരികമായി, ഭൗമികസിംഹാസനത്തിൽ വാഴുകയില്ല.

(10) വിശുദ്ധന്മാർക്ക് ശാരീരിക ഉയർത്തെഴുന്നേൽപ് ഉണ്ടാകുമെന്ന് അവിടെ പറയുന്നില്ല. അവരുടെ ആത്മാക്കളെ കുറിച്ചു മാത്രമെ അവിടെ പറയുന്നുള്ളു.

(11) മരിച്ച എല്ലാ നീതിമാന്മാരും ക്രിസ്തുനോടുകൂടി വാഴുമെന്ന് അവിടെ പറയുന്നില്ല. വാഴുന്നവർ രക്തസാക്ഷികളായ വിശുദ്ധന്മാരാണ്.

(12) *അർമ്മഗദോൻ യുദ്ധത്തെ* കുറിച്ച് ഒന്നും അവിടെ പറയുന്നില്ല. വിശുദ്ധന്മാരുടെ പാളയത്തിനെതിരായി യുദ്ധം ചെയ്യുവാൻ തുടങ്ങുന്നത് സാത്താന്റെ പ്രവൃത്തി തടയുവാനായി ദൈവം സ്വർഗത്തിൽ നിന്നു തീമഴ ചൊരിഞ്ഞു. വെളിപ്പാട് 16:16 പോലും വാസ്തവത്തിലുള്ള യുദ്ധം നടക്കുമെന്ന് പറയുന്നില്ല; സൈന്യം ഒരുമിച്ചു കൂടുമെന്നു മാത്രമെ അവിടെ പറയുന്നുള്ളു: ''അവർ അവരെ എബ്രായഭാഷയിൽ ഹർമ്മ-ഗദോൻ എന്ന സ്ഥലത്ത് കൂട്ടിച്ചേർത്തു.''

മൃഗത്തെ നമസ്ക്കരിക്കാതിരുന്ന രക്തസാക്ഷികളായവരുടെ ആത്മാക്കളെ കുറിച്ചാണ് അവിടെ പറയുന്നത് (വാക്യം 4). അവരാണ് ക്രിസ്തുവിനോടുകൂടി ആയിരമാണ്ട് വാഴുമെന്ന് പറഞ്ഞിരിക്കുന്നത്. യേശു എത്ര കാലം വാഴുമെന്ന് അവിടെ പറയുന്നില്ല - എന്നാൽ രക്തസാക്ഷികൾ എത്ര കാലം വാഴുമെന്നാണ് പറയുന്നത്. എന്റെ ഒരു ബന്ധു എന്നോടുകൂടെ രണ്ടു വർഷക്കാലം താമസിച്ചു എന്ന് എനിക്ക് എന്റെ സ്നേഹിതനോട് പറയുവാൻ കഴിയും. അതിൽനിന്നും എന്റെ ബന്ധു എത്ര നാൾ എന്നോടുകൂടി താമസിച്ചു എന്നറിയാം, പക്ഷെ ഞാൻ എന്റെ വീട്ടിൽ എത്രനാളായി താമസിക്കുന്നു

എന്നറിയില്ല. അത് യേശുവിന്റെ വാഴ്ച്ചയെ സംബന്ധിച്ചും വാസ്തവമാണ്. യേശു ചുരുങ്ങിയത് ആയിരമാണ്ട് വാഴും എന്ന് ആ വേദഭാഗത്തുനിന്നു അനുമാനിക്കാം; അതിൽ കുറവില്ല; എങ്ങനെയായാലും, യേശുവിന്റെ വാഴ്ച്ച ആയിരമാണ്ടേക്ക് ആ വേദഭാഗത്ത് ചുരുക്കുന്നില്ല. ആ തിരുവെഴുത്തുപ്രകാരം അവന്റെ വാഴ്ച്ച ആയിരിക്കണക്കിനു വർഷം നീണ്ടുപോകാം. വെളിപ്പാട് 20 ൽനിന്ന് രക്തസാക്ഷികളായവരുടെ വാഴ്ച്ചയുടെ ദൈർഘ്യം മാത്രമെ നമുക്ക് മനസിലാക്കുവാൻ കഴിയുന്നുള്ളു.

## തിരുവെഴുത്തിലെ മറ്റു ഭാഗങ്ങൾ എന്തു പറയുന്നു

വെളിപ്പാട് പുസ്തകം ഉയർന്ന ആലങ്കാരികഭാഷയിലായതുകൊണ്ട്, ഈ പുസ്തകം വ്യാഖ്യാനിക്കുമ്പോൾ, തിരുവെഴുത്തിലെ അക്ഷരികവേദഭാഗങ്ങളുമായി യോജിക്കുന്നതായിരിക്കണം, എന്നാൽ തിരിച്ച് അങ്ങനെ ആകുകയുമരുത്. വെളിപ്പാട് 20 മായി യോജിക്കാത്ത ഏതൊരു വ്യാഖ്യാനവും മറ്റു വേദഭാഗങ്ങളിലെ വ്യക്തമായ ഉപദേശവുമായി യോജിക്കുന്നില്ലെങ്കിൽ അതു ദുരുപദേശമാണ്. അതുകൊണ്ട്, "യേശുവിന്റെ വാഴ്ച്ചയെ കുറിച്ച് മറ്റു വേദഭാഗങ്ങൾ എന്തു പറയുന്നു? എന്ന് നമുക്ക് ചോദിക്കാം."

*റോമൻ രാജാക്കന്മാരുടെ കാലത്ത് ദൈവം ഒരുനാളും നശിച്ചുപോകാത്ത രാജ്യം സ്ഥാപിക്കും എന്നായിരുന്നു പ്രവചനം* (ദാനിയേൽ 2:44). നെബുഖെദ്നേസർ കണ്ട സ്വപ്നത്തിലെ നാല് രാജത്വങ്ങൾ, ബാബേൽ, മേദ്യ-പാർസി, ഗ്രീക്ക്, റോമൻ ആയിരുന്നു. ആ സ്വപ്നത്തിലെ കാലും തുടയും ഇരുമ്പും കളിമണ്ണും ഇടകലർന്നിരുന്നതായി പറയുന്നുണ്ട്. ദാനിയേൽ സ്വപ്നം വിവരിച്ചതനുസരിച്ച് ആ രാജ്യങ്ങളിൽ ചിലതു ശക്തവും മറ്റു ചിലതു അശക്തവുമായിരിക്കും (ദാനിയേൽ 2:42). "അവർ മനുഷ്യബിജത്താൽ തമ്മിൽ ഇടകലരുമെങ്കിലും," "അവർ തമ്മിൽ ചേരുകയില്ല" (ദാനിയേൽ 2:43). റോമാസാമ്രാജ്യത്തെ കുറിച്ച് നല്ല ഒരു വിവരണമാണിത്. റോമാ ഭരണകാലത്ത് ദൈവത്തിന്റെ രാജ്യം ആരംഭിക്കും എന്നാണ് ഈ പ്രവചനത്തിന്റെ സൂചന.

*വരുവാനിരിക്കുന്ന രാജ്യത്തിന്റെ ഒരുക്കം സൂചിപ്പിക്കുന്നത്, രാജ്യം സ്ഥാപിതമാകുന്നത് റോമാ രാജാക്കന്മാരുടെ കാലത്തായിരിക്കും എന്നാണ്.* റോമിന്റെ ആധിപത്യമായിരുന്നപ്പോഴായിരുന്നു യേശു ഭൂമിയിൽ ജീവിച്ചത്. അപ്പോൾ അറിയിച്ചത്, "കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കൊസ് 1:15). "കാലം തികഞ്ഞു" എന്നതുകൊണ്ട് യേശു പറഞ്ഞതിന്റെ അർത്ഥം, പ്രവാചകന്മാർ പറഞ്ഞതായ എല്ലാ സമയവും ആയി, ഇനി ദൈവരാജ്യം ആരംഭിക്കുന്നതിനുള്ള സമയം ആയി എന്നാണ്. ദൈവരാജ്യം ആസന്നമായി എന്നായിരുന്നു യോഹന്നാൻ പ്രസംഗിച്ചത് (മത്തായി 3:2). ദൈവരാജ്യം ആസന്നമായി എന്നു പ്രസംഗിക്കുവാനായിരുന്നു യേശു പന്തിരുവരോടും (മത്തായി 10:7) എഴുപതു പേരോടും പറഞ്ഞത് (ലൂക്കൊസ് 10:9, 11). ദൈവരാജ്യം ശക്തിയോടുകൂടി വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ നിങ്ങളിൽ ചിലർ ഉണ്ടാകും എന്ന് യേശു പറഞ്ഞിരുന്നു (മർക്കൊസ് 9:1). റോമാ സാമ്രാജ്യകാലത്ത് ദൈവരാജ്യം സ്ഥാപിച്ചിരുന്നില്ലെങ്കിൽ, യോഹന്നാനും, യേശുവും. പന്തിരുവരും, എഴുപതുപേരും ഒക്കെ കള്ള പ്രവാചകന്മാർ ആകുമായിരുന്നു (ആവർത്തനപുസ്തകം 18:22). അവരെല്ലാം കള്ളപ്രവാചകന്മാർ ആയിരുന്നെങ്കിൽ ക്രിസ്ത്യാനിത്വം തരം

താഴ്ത്തപ്പെടുകയും പരിഗണനക്ക് യോഗ്യമല്ലാതാകുകയും ചെയ്യുമായിരുന്നു.

ക്രിസ്തുവിന്റെ ആദ്യത്തെ വരവ് പരാജയമാക്കുന്ന ഏതു വ്യവസ്ഥയും – ക്രിസ്തു ആദ്യം വന്നപ്പോൾ സ്വർഗാരോഹണം ചെയ്തു തന്റെ രാജ്യത്തിലിരുന്നു വാഴുമെന്ന് അവൻ വാഗ്ദാനം ചെയ്തത് നിറവേറ്റിയില്ലെങ്കിൽ – അവൻ വ്യാജനാകുമായിരുന്നു. അവൻ ആദ്യം പരാജയപ്പെട്ടിരുന്നെങ്കിൽ, രണ്ടാമത്തെ വരവിൽ വിജയിക്കുമെന്ന് എങ്ങനെ പ്രതീക്ഷിക്കാം?

*യേശു പിതാവിന്റെ അടുക്കലേക്ക് പോയി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നപ്പോൾ, സ്വർഗത്തിന്റേയും ഭൂമിയുടേയും അധികാരം ലഭിക്കുകയും അവന്റെ യഥാർത്ഥ വാഴ്ച്ച ആരംഭിക്കയും ചെയ്തു.*[1] മനുഷ്യപുത്രനോടു സദൃശനായവൻ ആകാശമേഘങ്ങളോടെ വന്നപ്പോൾ അവന് നീങ്ങിപ്പോകാത്ത ആധിപത്യവും, ശക്തിയും, മഹത്വവും ലഭിച്ചു എന്ന ദാനിയേലിന്റെ പ്രവചനം നിവൃത്തിയായി (ദാനിയേൽ 7:13, 14). യേശു പഠിപ്പിച്ച ഒരു കുലീനനായ മനുഷ്യൻ രാജ്യത്വം പ്രാപിച്ചു മടങ്ങിവരുവാൻ പോയ ഉപമയിലെ ആ മനുഷ്യനെ പ്രതിനിധാനം ചെയ്തത് അവനെ തന്നെയായിരുന്നു (ലൂക്കൊസ് 19:12–15). യേശു പുറപ്പെട്ടു പോയത്, രാജ്യം പ്രാപിച്ചു മടങ്ങിവരേണ്ടതിനായിരുന്നു.

യേശു വീണ്ടും വന്നു ഒരു ഭൗമികരാജ്യം സ്ഥാപിക്കുവാനായി കാത്തിരിക്കുന്നവർക്ക് അവന്റെ രാജ്യത്തിന്റെ സ്വഭാവം അറിയുകയില്ല. തന്റെ രാജ്യം ഐഹികമല്ല എന്ന് യേശു തന്നെ പറയുകയുണ്ടായി (യോഹന്നാൻ 18:36). അവന്റെ വാഴ്ച്ച ഭൗമികമല്ലെങ്കിൽ, അതു സ്വർഗീയമായിരിക്കണം.

സെഖര്യാവ് യേശുവിനെ കുറിച്ചു പ്രവചിച്ചു, "അങ്ങനെ, അവൻ തന്റെ സിംഹാസനത്തിൽ, പുരോഹിതനുമായിരിക്കും" (സെഖര്യാവ് 6:13). എബ്രായർ 8:4 പറയുന്നു, "അവൻ ഭൂമിയിൽ ആയിരുന്നെങ്കിൽ പുരോഹിതൻ ആകുമായിരുന്നില്ല." അവന് ഭൂമിയിൽ പുരോഹിതൻ ആകുവാൻ സാധ്യമല്ലെങ്കിൽ അവനു സിംഹാസനത്തിലിരിക്കുവാനും സാധ്യമല്ല, അതുകൊണ്ടു വാഴുവാനും സാധ്യമല്ല. കാരണം അവൻ സിംഹാസനത്തിലിരുന്നു പുരോഹിതനായി വാഴുമെന്നാണ് പ്രവചനം. അവനു ഭുമിയിൽ പുരോഹിതനാകുവാൻ സാധ്യമല്ലെങ്കിൽ, പിന്നെ പുരോഹിതനാകുവാൻ പറ്റിയ ഏക സ്ഥാനം സ്വർഗമാണ്, അതുകൊണ്ട്, അവന് സ്വർഗത്തിലെ സിംഹാസനത്തിലിരുന്നു വാഴുവാനേ കഴിയു. അവൻ സ്വർഗത്തിലേക്കാണ് പോയത്, ഇപ്പോൾ വാണുകൊണ്ടിരിക്കുന്നതും സ്വർഗത്തിലാണ് (1 പത്രൊസ് 3:22).

ദൈവരാജ്യം ഭൗമികരാജ്യത്തെപോലെ ഭക്ഷണമോ പാനിയമോ അല്ല, നീതിയും, സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണെന്ന് പൗലൊസ് എഴുതിയിരിക്കുന്നു (റോമർ 14:17), ശത്രുക്കളായ മൃഗങ്ങൾ ഒരുമിച്ചു കഴിയുന്നതിനെ ആലങ്കാരികമായി കാണിച്ചുകൊണ്ട് ഒരു സമാധാന രാജ്യത്തെ പ്രവചനത്തിലൂടെ വരച്ചുകാണിച്ചിരുന്നു (യെശയ്യാവ് 11:6, 7), ഒരു രാജ്യമായതുകൊണ്ട, നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവരാണ് അതിലുള്ളത് (മത്തായി 5:10).

രാജ്യം ആരംഭിക്കേണ്ടത് ലോകമെങ്ങുമുള്ള ഒരു വലിയ യുദ്ധത്തോടെ ആയിരുന്നില്ല, ഒരു ചെറിയ കടുകുമണി പോലെ, അതിന്റെ തുടക്കം ചെറുതായിട്ടായിരിക്കും, ചെറുതായി സ്വാധീനം വലുതാക്കും, അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെ ആയിരിക്കും (മത്തായി 13:31–33). അതിന്റെ വ്യാപ്തിക്കും വളർച്ചക്കും വാളോ സൈനികബലമോ

അല്ല, വചനമാണ് ഉപയോഗിക്കുന്നത് (മത്തായി 13:19; ലൂക്കൊസ് 8:11). അങ്ങനെയാണ് അതു വ്യാപിക്കുക, കാരണം അതു ഭൗമിക ഗവൺമെന്റല്ല, മനുഷ്യഹൃദയങ്ങളിൽ ദൈവത്തിന്റെ ഭരണമാണ്. "ദൈവരാജ്യം കാണത്തക്ക വണ്ണമല്ല വരുന്നത്, 'അതാ അവിടെ,' 'ഇതാ ഇവിടെ,' എന്നും പറയുകയുമില്ല" (ലൂക്കൊസ് 17:20, 21; എൻഐവി).

പൗലൊസ് കൊലൊസ്യർക്ക് എഴുതിയപ്പോൾ രാജ്യം വന്നിരുന്നു, ലോകത്തിൽനിന്നും അന്ധകാരത്തിൽനിന്നും വിടുവിച്ച് യേശുവിന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുകയാണ് ക്രിസ്ത്യാനികളെ (കൊലൊസ്യർ 1:13), യേശുവിന്റെ രാജ്യം നിലവിലില്ലെങ്കിൽ അതു സാധ്യമല്ലല്ലൊ. പിതാവ് ഒഴിച്ച് സർവ്വവും യേശുവിന്റെ കാൽക്കീഴാക്കി വെച്ചിരിക്കുന്നു എന്നും പറയുന്നു (1 കൊരിന്ത്യർ 15:26-28). ഈ കാലത്ത്, ക്രിസ്തീയ കാലത്ത്, യേശുവിന്റെ രാജ്യത്തിലെ അംഗങ്ങളാകുവാൻ കഴിയും (യോഹന്നാൻ 3:3-5), ആ രാജ്യം സ്വർഗത്തിലും ഭൂമിയിലും നിറഞ്ഞു നിൽക്കുന്നതാണ് (മത്തായി 28:18).

അവൻ മടങ്ങി വരുമ്പോൾ, വാഴുവാനല്ല വരുന്നത്, കാരണം അവൻ ഇപ്പോൾ എല്ലാം വാഴുകയാണ് (1 കൊരിന്ത്യർ 15:27). അവൻ വീണ്ടും വരുമ്പോൾ, അവൻ മരിച്ചവരെ ഉയർപ്പിക്കയും, തന്റെ വാഴ്ച്ചയും രാജ്യവും പിതാവിന്ന് ഏല്പിച്ചുകൊടുക്കയും ചെയ്യും (1 കൊരിന്ത്യർ 15:22-28).

സ്വർഗത്തിലും ഭൂമിയിലും യേശു ഇപ്പോൾ വാണുകൊണ്ടിരിക്കുകയാണെന്ന് തിരുവെഴുത്ത് വ്യക്തമായി പഠിപ്പിക്കുന്നു. അവൻ വീണ്ടും വരുന്നതുവരെ വാണുകൊണ്ടിരിക്കും; പിന്നെ അവസാനം വരും (1 കൊരിന്ത്യർ 15:24-27). അങ്ങനെ ഇപ്പോൾ വാണുകൊണ്ടിരിക്കുന്നതുകൊണ്ട് ആയിരമാണ്ട് ഭൂമിയിൽ വാഴുവാനായി സമയമില്ല. യേശു മടങ്ങി വരുന്നതു ഭൂമിയിൽ ആയിരമാണ്ട് വാഴുവാനാണെന്ന് ബൈബിളിൽ ഒരിടത്തും പറയുന്നില്ല. തന്റെ ഉയർപ്പിനുശേഷം പിതാവിന്റെ അടുക്കൽ പോയശേഷം അവൻ തന്റെ വാഴ്ച്ച തുടങ്ങി. തിരുവെഴുത്തിലെ വേദഭാഗങ്ങൾക്കെതിരായ വ്യാഖ്യാനമോ സങ്കൽപമോ ആയാലും തെറ്റു തന്നെയാണ്.

## എന്താണ് വെളിപ്പാട് 20:1-10 അർത്ഥമാക്കുന്നത്

വെളിപ്പാട് 20:1-10 പറയുന്നതു എല്ലാം നമുക്ക് തീർച്ചയില്ലെങ്കിലും, പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ നമുക്ക് അറിയാം. യേശു മടങ്ങി വന്നു യെരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് ആയിരമാണ്ട് വാഴുമെന്ന് അവിടെ പറയുന്നില്ല.

ആ വേദഭാഗം വ്യാഖ്യാനിക്കേണ്ടത് അക്ഷരികമായിട്ടല്ല, ആലങ്കാരികമായിട്ടാണ് എന്നു തീർച്ച. ആത്മാവായ, സാത്താനെ എങ്ങനെ അക്ഷരിക തങ്ങലയും പൂട്ടുമിട്ടു പൂട്ടുവാൻ കഴിയും? വെളിപ്പാടുപുസ്തകം മുഴുവനും ആലങ്കാരികഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്, പിന്നെ ഈ അദ്ധ്യായത്തിന് മാത്രമെന്താണ് ഒഴികഴിവ്?

ആ വേദഭാഗത്തിന്റെ അർത്ഥം ഒരുപക്ഷെ (വെളിപ്പാട് 6:9-11)-ൽ പറഞ്ഞു തുടങ്ങിയിരിക്കാം. യാഗപീഠത്തിൻകീഴിൽ കണ്ടതായ അതേ ആത്മാക്കളെയാണ് 20:4-ൽ സിംഹാസനത്തിലിരിക്കുന്നതായി പറയുന്നത്. ഞങ്ങളുടെ രക്തത്തെ കുറിച്ച് എത്രത്തോളം പ്രതികാരം നടത്താതിരിക്കും എന്ന ചോദ്യം അവർ ചോദിക്കുന്നുണ്ട് (6:10). പ്രതികരണമായി, അവർ കുറച്ചു

കൂടെ വിശ്രമിക്കേണ്ടതാണെന്ന് അവരോട് പറഞ്ഞു (6.11). അവരുടെ രക്തത്തിനു പ്രതികാരം കൊടുക്കുമെന്ന് അവരോട് പറഞ്ഞു (19:1, 2) ബാബിലോണിന്റെ വീഴ്ച്ചയോടുകൂടിയാണ് (18:2), അതു മഹാനഗരമായിരുന്നു (17:18), അതു വിശുദ്ധന്മാരുടെ രക്തം കുടിച്ചവരായിരുന്നു (17:5, 6, 18), ദേശങ്ങളെ വാഴുകയും ചെയ്തിരുന്നു (17:15). ഉപദ്രവിച്ചുകൊണ്ടിരുന്ന ആ നഗരത്തിന്റെ പതനത്തിനു ശേഷം (17:9, 18), ക്രിസ്ത്യാനികൾ എന്താണ് പ്രതീക്ഷിക്കുക? അദ്ധ്യായം 20 അതിന് ഉത്തരം നൽകുന്നു, വളരെക്കാലത്തേക്ക് സാത്താനെ പിടിച്ചുകെട്ടും, "യാഗപീഠത്തിൻകീഴിൽ" അവരെ ഞെരുക്കുന്നതിനു പകരം, വിശുദ്ധന്മാർ ഇപ്പോൾ "സിംഹാസനത്തിന്മേലിരുന്നു" വാഴുന്നു.

സാത്താനെ കെട്ടുക എന്നതിനർത്ഥമെന്താണ്? അവനെ കെട്ടുക എന്നതിന്റെ നേരെ എതിരാണ് അവനെ അഴിച്ചുവിടുക എന്നാൽ. അവനെ അഴിച്ചുവിട്ടാലുടൻ അവൻ ദേശങ്ങളെ വിശുദ്ധന്മാരുടെ പാളയത്തിനെതിരായി കൂട്ടിച്ചേർക്കും (വെളിപ്പാട് 20:7-9). അവനെ കെട്ടുന്നതിനുമുൻപ്, വിശുദ്ധന്മാരെ ഉപദ്രവിച്ചതുപോലെ, കെട്ടപ്പെട്ടാൽ വിശുദ്ധന്മാരുടെ പാളയത്തിനെതിരായി ദേശങ്ങളെ കൂട്ടിച്ചേർത്ത് ഉപദ്രവിക്കുവാൻ സാധ്യമല്ല.

ആയിരമാണ്ട് എന്നതു ഒരുപക്ഷെ നീണ്ട കാലയളവായിരിക്കാം. "പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും'' ദൈവത്തിനുള്ളതാണ് (സങ്കീർത്തനങ്ങൾ 50:10), "ദൈവത്തിന്റെ പ്രാകാരത്തിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലൊ" (സങ്കീർത്തനങ്ങൾ 84:10). തീർച്ചയായും, ഈ വേദഭാഗങ്ങളിലെ "ആയിരമാണ്ട്" എന്നതു ഒരു വലിയ സംഖ്യയെ പ്രതിനിധാനം ചെയ്യുന്നതാണ്. ഒരു പുസ്തകം മുഴുവൻ ആലങ്കാരികമായ ഭാഷയിലായിരിക്കുമ്പോൾ, വെളിപ്പാട് 20:2-7 അക്ഷരികമായി എടുക്കുന്നത് എന്തു യുക്തിയാണ്?

രക്തസാക്ഷികളായവരുടെ ആത്മാക്കൾ "സിംഹാസനത്തിന്മേൽ" എന്നതു സൂചിപ്പിക്കുന്നത് ആയിരമാണ്ടേക്ക് അവർ ആയിരന്നതിൽ ജീവിക്കയും ജയിക്കയും ചെയ്യും. അവൻ "യാഗപീഠത്തിൻകീഴിൽ" ആയിരിക്കുന്നേടത്തോളം, "കുറച്ചുകാലം കൂടെ" അവരുടെ സഹക്രിസ്ത്യാനികളെ കൊല്ലുന്നതു തുടരും (6:11). അവർക്ക് "സിംഹാസനം" ലഭിച്ചത് (20:4), സൂചിപ്പിക്കുന്നത്, "കുറച്ചുനാൾ" കഴിയുമ്പോൾ, അത് അവസാനിക്കും, ദേശവ്യാപകമായി വിശുദ്ധന്മാരെ കൊല്ലുന്നതു നിൽക്കും, ഉപദ്രവം തുടങ്ങി വെച്ചത് ആയിരം ആണ്ടേക്ക് വിരാമമിടും.

ഈ വേദഭാഗത്തിലെ, ഗ്രീക്ക് വാക്ക് യെസെസാൻ[2] എന്നതിന്റെ അക്ഷരിക അർത്ഥം, "ലിവ്ഡ്" എന്നാണ്, "കെയിം ടു ലൈഫ്" എന്നതു സന്ദർഭത്തിലെ ക്രിയയോട് നീതി പുലർത്തുന്നതല്ല. അക്കാരണത്താൽ, ആ സന്ദർഭത്തിൽ ആ ആത്മാക്കൾ "കെയിം ടു ലൈഫ്" എന്നു അക്ഷരികമായി പറയുന്നതു ശരിയല്ല. എങ്ങനെയായാലും "ലിവ്ഡ്" എന്നതാണ് ശരി, കാരണം ഇതേ ആത്മാക്കൾ മുൻപ് "യാഗപീഠത്തിൻകീഴിലായിരുന്നു" എന്നും സുബോധമുള്ളവരായിരുന്നു എന്നും യോഹന്നാൻ സൂചിപ്പിക്കയുണ്ടായി (6:9, 10).

പൗലൊസ് ക്രിസ്ത്യാനിയായി തീരുന്നതിനു മുൻപുള്ള തന്റെ ജീവിത്തെ കുറിച്ച് പറഞ്ഞപ്പോൾ അതേ വാക്കും ക്രിയാകാലവും ഉപയോഗിക്കയുണ്ടായി, "ഞാൻ ഒരു പരീശനായി ജീവിച്ചു" (പ്രവൃത്തികൾ 26:5). അവൻ "ഒരു പരീശനായി ജീവിതത്തിലേക്ക് വന്നു" എന്നല്ല അവൻ അർത്ഥമാക്കിയത്;

മറിച്ച്, അവൻ ക്രിസ്ത്യാനിയാകുന്നതിനു മുൻപ് അങ്ങനെയാണ് "ജീവിച്ചത്" എന്നാണ് അർത്ഥമാക്കിയത്. രക്തസാക്ഷികളായി ക്രിസ്ത്യാനിത്വം അവസാനിക്കുന്നതിനു പകരം, അവർടെ രക്തത്തിന് പ്രതികാരം നടത്തും. അതുകൊണ്ട്, ക്രിസ്തീയ സമുഹത്തിന്, ജീവിച്ചിരുന്ന്, ക്രിസ്തുവിനോടുകൂടി, ദീർഘകാലം സമാധാനത്തോടുകൂടി വാഴുവാൻ കഴിയും. "ഒന്നാം പുനരുത്ഥാനത്തിൽ" പങ്കുള്ളവരാണ് (വെളിപ്പാട് 20:5) ജയിക്കുന്നതും ആയിരമാണ്ട് ക്രിസ്തുവിനോടുകൂടി വാഴുന്നതും. ദേശം ഇല്ലാതാകുമെന്ന് തോന്നിയെങ്കിലും, യിസ്രായേൽ ദേശത്തെ ജീവിപ്പിക്കുമാറാക്കിയതു ദൈവമായിരുന്നതുപോലെ (യെഹെസ്ക്കേൽ 37:1-14), അവൻ ക്രിസ്ത്യാനിത്വത്തെയും ജീവിപ്പിക്കും. ഉപദ്രവം നേരിട്ട വിശുദ്ധന്മാർ ആ ഉപദ്രവം നിമിത്തം തങ്ങളുടെ വിശ്വാസം അണഞ്ഞുപോകുമോ എന്ന് ഭയപ്പെട്ടിരുന്നു, എന്നാൽ റോമിന്റെ നാശത്തിനുശേഷം, അവർ ദീർഘകാലം സമാധാനത്തോടുകൂടി ക്രിസ്തുവുമായി വാഴും.

അവരുടെ ഉപദ്രവത്തിനു ദുഷ്പ്രേരണ ചെലുത്തിയ, സാത്താൻ, നിയന്ത്രിക്കപ്പെടുകയും, ബാബിലോണിന്റെ പതനത്തോടുകൂടി, വിശുദ്ധന്മാരുടെ രക്തത്തിന് പകരം വീട്ടുകയും, ദേശീയ ഉപദ്രവമില്ലാതെ ക്രിസ്ത്യാനിത്വം ദീർഘകാലം ജീവിക്കുകയും ചെയ്യും. അതിനുശേഷം, കുറെകാലത്തേക്ക്, സാത്താനെ, അഴിച്ചുവിടുകയും, ദേശത്തിന്മേൽ, മറ്റൊരു ഉപദ്രവം അഴിച്ചുവിടുകയും ചെയ്യും, എന്നാൽ ദൈവം അവന്റെ പ്രവൃത്തി അവസാനിപ്പിക്കയും, അവനെ തീപ്പൊയ്കയിലേക്ക് തള്ളിക്കളകയും ചെയ്യും (20:3, 7-10).

"രണ്ടാം മരണം" (20:6) വീണ്ടും മരണശേഷം രണ്ടാമതൊരു പുനരുത്ഥാനം എന്നല്ല സൂചിപ്പിക്കുന്നത്. "രണ്ടാം മരണം" ആലങ്കാരികമായ "തീപ്പൊയ്കയിലെ" ശിക്ഷയാണ് (20:14). ഒന്നാമത്തെ മരണം ഭൗതികവും, രണ്ടാമത്തേത് തീപ്പൊയ്കയുമാണ്.

**ഉപസംഹാരം**

ഭാവിയിൽ ഭൂമിയിൽ വന്ന് ആയിരമാണ്ട് വാഴുന്നതിനുപകരം, ഇപ്പോൾ തന്നെ അവൻ സ്വർഗത്തിലും ഭൂമിയിലും തന്റെ രാജ്യത്തെ വാഴുന്നു എന്നാണ് ബൈബിളിലുള്ളത്, അത് സ്വർഗത്തിലേക്കും ഭൂമിയിലേക്കും വ്യാപിച്ചിരിക്കുന്നു. രാജാവായ ക്രിസ്തു ഇപ്പോൾ, തന്റെ സ്വർഗീയ സിംഹാസനത്തിലിരിക്കുന്നു സ്വർഗാരോഹണം ചെയ്ത നാൾ മുതൽ വാണുകൊണ്ടിരിക്കുന്നു. അവൻ വീണ്ടും വരുമ്പോൾ, ഭൂമിയിൽ ആയിരമാണ്ട് വാഴുകയില്ല, മറിച്ച്, അവൻ വന്നു തന്റെ ഇപ്പോഴത്തെ വാഴ്ച്ച അവസാനിപ്പിക്കും. ഈ വീക്ഷണത്തിനെതിരായ ഏതു വ്യാഖ്യാനവും അക്ഷരിക വേദഭാഗങ്ങളിലേയും ആലങ്കാരിക ഭാഷയിലേയും കാര്യങ്ങൾക്ക് വിരുദ്ധമായിരിക്കും.

---

കുറിപ്പുകൾ

[1]മത്തായി 28:18; പ്രവൃത്തികൾ 2:33, 34; 5:31; റോമർ 8:34; എഫെസ്യർ 1:20-23; എബ്രായർ 1:3; 1 പത്രൊസ് 3:22 നോക്കുക. [2]*എസെശൻ* ഒരു ഇന്റികേറ്റിവ്, അയോറിസ്റ്റ്, ആക്റ്റിവ് വെർബ് ഫ്രം ദ റൂട്ട് *സാൻ.* അതു തർജിമ ചെയ്തിരിക്കുന്നത് "ലിവ്ഡ്" (കെജെവി, ആർ എസ്വി) എന്നും "കെയിം ടു ലൈഫ്" എന്നുമാണ് (എൻഐവി, എൻ എ എസ്ബി).